കവിത

# മഞ്ഞിന്റെ ചൂട്

## കാരൂർ സോമൻ

കറുത്ത പുലരിയിൽ പെയ്തിറങ്ങുന്ന
മഞ്ഞിലാണ് പുതിയ ലോകം
വെടിമരുന്നിന്റെ നാളഗോപുരങ്ങളിൽ
അതൊരംബരചുംബി

നിങ്ങളെയ്തുവിട്ട കൂരമ്പിൽ നിന്നും
എന്നിലേക്കിറങ്ങി വീണ
മകരമഞ്ഞിന്റെ ധാർഷ്ട്യശിഷ്ടം
അതത്രേ, പുതിയ ലോകം

കാരിരുമ്പിന്റെ മൂർധന്യതയിൽ
കണ്ടെടുത്ത മഞ്ഞിന്റെ
മലരിൽ വെയിലേറ്റു വാടിവീണ
സൂര്യമുഖത്തു നിന്നും
പൂമുഖത്തേക്കെത്തിനോക്കും,
ഈ മഞ്ഞിന്റെ ചൂട്.

**കാരൂർ സോമൻ**
ചാരുംമൂട് പി.ഒ. കായംകുളം ആലപ്പുഴ
7025290992



# മഴ

## ത്രേസ്യാമ്മ തോമസ്

കണ്ണീരിന്റെ മഴയിൽ
കാണാം..... ചില നനഞ്ഞ മുഖങ്ങൾ
ആകാശം ഒടിഞ്ഞു മടങ്ങി
പെയ്യുന്ന മഴ!
ഇടയ്ക്ക് കൊഞ്ഞനം കുത്തുന്ന
കൊള്ളിമീനുകൾക്കായി മഴ-
എത്രകാലം മഴ കൊണ്ടു?
എത്ര കാലം നനഞ്ഞു
എന്നിട്ടും...
എന്റെ മനസ്സിന്റെ
മഴക്കാടുകളിലേക്ക്
ഒരു നനവും വന്നുവീഴുന്നില്ലല്ലോ
ഒന്ന്.... ഒഴുകാനാവുന്നില്ലല്ലോ

ഏതു മഴയിലാണ്
എനിക്കെന്നെ നഷ്ടമായത്?
നൊമ്പരങ്ങളുടെ
വേലിയേറ്റങ്ങളായി
ഈ വേനലിലും വരുന്നുണ്ട്
ചില മഴകൾ.....!

**ത്രേസ്യാമ്മ തോമസ്**
നടവേലിൽ
പുലിയൂർ ഗാർഡൻസ്
നാലാഞ്ചിറ
തിരുവനന്തപുരം 5
8113884189